## സാമൂഹ്യവികസനസെമിനാറുകൾ.

*115. [23] ശ്രീ. ടി. ഒ. ബാവ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ ഡിസംബർമാസത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമൂഹ്യവികസന സെമിനാറുകൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരാണ് ഇതു നടത്തിയത് ;

(സി) ആലുവായിൽ കുന്നുമ്മനാട്-ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്റ്റിന്റെ ആഭിമുഖ്യത്തിൽ ഒരു സെമിനാർ നടത്തുകയുണ്ടായോ;

(ഡി) ഈ സെമിനാറിനു പൊതുജനപ്രതിനിധ്യമുള്ള ആരെങ്കിലും സംബന്ധിച്ചിരുന്നോ ;

(ഇ) ആരുടെ ചുമതലയിലാണ് ഇതു നടത്തിയത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) ബ്ലോക്ക് ലെവൽ സെമിനാറുകൾ അതായതു ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറന്മാരുടെ ചുമതലയിലും, പ്രോജക്റ്റ് ലെവൽ സെമിനാറുകൾ അതായതു പ്രോജക്റ്റ് എക്സ്റ്റൻഷൻ ഓഫീസറന്മാരുടെ ചുമതലയിലും, ഡിസ്ട്രിക്റ്റ് ലെവൽ സെമിനാറുകൾ അതായതു ഡിസ്ട്രിക്റ്റ് കളക്ടർമാരുടെ ചുമതലയിലുമാണ് നടത്തിയിട്ടുള്ളത്.

(സി) കുന്നുമ്മനാട്-ചാലക്കുടി കമ്മ്യൂണിറ്റിപ്രോജക്റ്റിന്റെ ആഭിമുഖ്യത്തിൽ ആലുവായിൽവച്ച് സെമിനാർ നടത്തിയിട്ടില്ല.

(ഡി & ഇ) സി വിഭാഗത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൊത്തം തുക.

*116. [24] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഈ സംസ്ഥാനത്തേയ്ക്കു ചെലവാക്കാൻ ഉൾപ്പെടുത്തിയിരുന്ന മൊത്തം സംഖ്യ എത്ര ;

(ബി) അതിൽ ചെലവായ തുക എത്ര ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 30.03 കോടി രൂപ.

(ബി) 1956 മാർച്ചു് ഒൻപതാംതീയതി, അതായതു നാളെ, ധനകാര്യമന്ത്രി അവതരിപ്പിക്കുന്ന ബഡ്ജറ്റിൽനിന്നു് ചെലവായ സംഖ്യയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly